**കാറ്റഗറി നമ്പർ : 345/2020**

**<u>രണ്ടാം എൻ.സി.എ വിജ്ഞാപനം</u>**

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള കേരള സംസ്ഥാനത്തിലെ വിശ്വകർമ്മ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും എൻ.സി.എ ഒഴിവിലേക്ക് ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. വകുപ്പ് : **സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
2. ഉദ്യോഗപ്പേര് : **ഡ്രൈവർ ഗ്രേഡ് II / ട്രാക്ടർ ഡ്രൈവർ**
3. ശമ്പളം : **₹ 9190-15780/-**
4. ഒഴിവുകളുടെ എണ്ണം : **വിശ്വകർമ്മ - 01 (ഒന്ന്)**

കുറിപ്പ്:

(1)മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്.ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി,ഈ തസ്തികയുടെ 23.10.2018 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും(കാറ്റഗറി നമ്പർ 512/2015)ഉത്ഭവിച്ച മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും.15.11.2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 242/2019 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന്റെ അടിസ്ഥനത്തിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ .സി.എ വിജ്ഞാപനമാണിത് .

(2)മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

5. നിയമന രീതി : നേരിട്ടുള്ള നിയമനം (വിശ്വകർമ്മ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
6. പ്രായപരിധി : 18-39.ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ 2(i) ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ)

   **കുറിപ്പ്:-**പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ

പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi),(xii) &(xiv) നോക്കുക )

7. യോഗ്യതകൾ : (i)ഏഴാം സ്റ്റാന്റേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം..

(ii)ഹെവി മോട്ടോർ വാഹനങ്ങളും ട്രാക്ടറും ഓടിക്കുവാനുള്ള എൻഡോഴ്സ്മെന്റോടു കൂടിയ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.16.01.1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്,ഹെവി പാസഞ്ചർ എന്നീ രണ്ടു തരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii)ഒരു സർക്കാർ/അർദ്ധസർക്കാർ സ്ഥാപനത്തിലോ രജിസ്റ്റേർഡ് സ്ഥാപനത്തിലോ ഹെവി മോട്ടോർ വാഹനങ്ങൾ ഓടിച്ചുള്ള ഒരു വർഷത്തെ പരിചയം.

(iv)മോട്ടോർ വാഹന നിയമപ്രകാരമുള്ള മെഡിക്കൽ ഫിറ്റ്നസ് ഉണ്ടായിരിക്കണം .

കുറിപ്പ്:

(1) യോഗ്യത സംബന്ധിച്ച് KS&SSR Part II Rule 10 (a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

(2) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

(3) ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗത്ഭ്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

(4) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള കൃത്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി മെഡിക്കൽ ഫിറ്റ്നസ് തെളിയിക്കേണ്ടതാണ്. കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവ്വീസിലുള്ള ഒഫ്ത്താൽമോളജിസ്റ്റിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും നിശ്ചിത

മാതൃകയിൽ വാങ്ങി കമ്മീഷൻ ആവശ്യപ്പെട്ടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(5) ഭിന്നശേഷിക്കാർ ഈ ജോലിക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(6) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(7) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിനൊപ്പം ജാതിവ്യത്യാസംസംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനസമയത്ത് ഹാജരാക്കേണ്ടതാണ്.

(8) വിദ്യാഭ്യാസം,പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules Of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം

**<u>പരിചയ സർട്ടിഫിക്കറ്റ്</u>**

സ്ഥാപനത്തിന്റെ പേര് (കമ്പനി/ കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ) :

രജിസ്റ്റർ നമ്പർ (എസ്.എസ്.ഐ രജിസ്ട്രേഷൻ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :

സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . ( ഉദ്യാഗാർത്ഥിയുടെ പേരും മേൽവിലാസവും) എന്ന ആൾ സ്ഥാപനത്തിൽ (തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം ഇവയിലേതെങ്കിലും) ആയി ……………………….രൂപമാസശമ്പളത്തിൽ /ദിവസശമ്പളത്തിൽ....................................................................................
……………….മുതൽ…………………..വരെ…………………..വർഷം……………മാസം………………ദിവസം ജോലി നോക്കിയിട്ടുണ്ട് / നോക്കു വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

സ്ഥലം :

തീയതി :

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ<br>തീയതി സഹിതമുള്ള ഒപ്പ്, പേര്,<br>ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്

(ഓഫീസ് മുദ്ര)

# സാക്ഷ്യപത്രം

…………..എന്ന നിയമത്തിൽ / ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ / തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട.............................രജിസ്റ്റർ പരിശോധിച്ച് (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ………………………… ആയി ജോലി ചെയ്തിരുന്നു / ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു .

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന ചട്ടപ്രകാരം /നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

ചട്ടപ്രകാരം/നിയമപ്രകാരം ടി സ്ഥാപനത്തിലെ
ജീവനക്കാരുടെ സേവന വ്യവസ്ഥകൾ
സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ
ഉദ്യോഗസ്ഥന്റെ തീയതി
സഹിതമുള്ള ഒപ്പ്,പേര്,ഉദ്യോഗപ്പേര്,ഓഫീസ്

സ്ഥലം :
തീയതി :

(ഓഫീസ് മുദ്ര)

കുറിപ്പ് :

1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ നിർദ്ദേശിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ സ്കാൻ്റ് ഇമേജ് അപ് ലോഡ് ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ .
2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിന് ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.
3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.
4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19 & 20 ഖണ്ഡികകൾ കാണുക .
5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം .

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകകൾ ചുവടെ ചേർക്കുന്നു.

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER GR.II/TRACTOR DRIVER

(to be filled up by a Medical officer not below the rank of an Assistant Surgeon)

1. What is the applicant’s apparent age?

2. Is the applicant to the best of your judgement , subject or epilepsy, vertigo or any mental ailment likely to affect his efficiency?

3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a driver?

4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals? Also is his hearing perfect?

5. Has the applicant any deformity or loss of finger which would interfere with the efficient performance of his duties as a driver?

6. State of Muscles and Joints (No paralysis and all joints with free movements)

7. State of Nervous System (Perfectly normal and free from any infectious disease)

8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks?

9. Marks of Identification :

He is Physically fit for the post of **Driver Gr.II / Tractor Driver**
I certify to the best of my knowledge and belief that the applicant Shri………………………. Is the person herein above described and that the attached photograh has a reasonably correct likeness.

(The signature of the Medical Officer shall be affixed on the photograph)

Photo of Candidate

Place : Signature
Date : Name and Designation & Official Address

(Office Seal)

# FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GR.II/TRACTOR DRIVER

(To be filled up by an Ophthalmologist in Government Service)

1. Is there any defect of vision?

If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

2. Can the applicant readily distinguish the pigmentary colours red and green?

3. Does the applicant suffer from any night blindness?

I have, this day medically examined Sri………………………………………………………..and found that he has no defect of vision which would render him unsuitable for the post of **Driver Gr.II/ Tractor Driver** and his standard of vision are as follows:

**Standards of Vision (Eye sight without Glasses)**

| | | *Right Eye* | *Left Eye* |
|---|---|---|---|
| **1.** | Distant Vision | ……………..Snellen | …………………….Snellen |
| **2.** | Near Vision | ………………Snellen | …………………….Snellen |
| **3.** | Field of Vision | ……………………………………………………. | |

(Specify whether **full** or **not** , Entry **'Normal' , 'good'** etc. will be inappropriate here)

**4.** Colour Blindness :

**5.** Squint :

**6.** Any morbid condition of the eyes lids of either eye :

His standards of vision are fit for the post of **Driver Gr.II/Tractor Driver.**

I certify to the best of my knowledge and belief that the applicant Sri……………………………

is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear).

| Photo of candidate |
|---|

Place : Signature

Date : Name,Designation & Official Address

(Office Seal)

***Note :-*** Details regarding standards of vision shall be clearly state in the Certificate as given above and vague statements such as Vision 'Normal' etc. will not be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standards of vision are as follows:

| | ***Right Eye*** | ***Left Eye*** |
|---|---|---|
| (i) Distant Vision | 6/6 Snellen | 6/6 Snellen |
| (ii) Near Vision | 0.5 Snellen | 0.5 Snellen |

Each eye must have full field of vision

**8. അപേക്ഷ അയയ്ക്കേണ്ട രീതി:**

(എ)ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in വഴി '**ഒറ്റത്തവണ രജിസ്ട്രേഷൻ**' പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്.രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്.ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'apply now' ൽ മാത്രം click ചെയ്യേണ്ടതാണ്.Upload ചെയ്യുന്ന ഫോട്ടോ 31.12.2010 ന് ശേഷം എടുത്തതായിരിക്കണം.ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല.അപേക്ഷ ഫീസ് നൽകേണ്ടതില്ല. .Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്.ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്.ആയതിനുശേഷം അപേക്ഷയിൽ മാറ്റംവരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല.ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link–ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്.വിദ്യാഭ്യാസ യോഗ്യത,പരിചയം,ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും .

(ബി)ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകൾ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്.അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് അപ് ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്.പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

**(സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **20.01.2021** ബുധനാഴ്ച അർദ്ധ രാത്രി 12 മണി വരെ

10 അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : www.keralapsc.gov.in

11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (ii),(iii),(iv),(v),(vii),(viii),(ix),(x),(xi)&(xiii) ഉപഖണ്ഡികകളും 5(a),6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് 2-ൽ കൊടുത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായും നോക്കുക.)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ